ചിന്താവിഷയം

# നിഷ്ക്രിയത്വവും നിതാന്തകർമവും

കെ.കെ ഹംസമൗലവി മാട്ടൂൽ

**കർമം**ചെയ്യൽ ജീവിക്കുന്ന മനുഷ്യന്റെ ദൗത്യമാണ്. ആ ദൗത്യം നിർവഹിക്കാത്ത പക്ഷം മനുഷ്യജീവിതത്തിന് ഒരർഥവും കാണുകയില്ല. ഒന്നും ചെയ്യാതിരിക്കുന്നത് നിഷ്ക്രിയത്വമാണ്. സകല ദുരിതങ്ങളുടെയും ഹേതുവാണത്.

ജീവിതം ധന്യമാകാൻ അത് പ്രവർത്തന ക്ഷമമായിരിക്കണം. എന്തുകൊണ്ടെന്നാൽ മനുഷ്യാത്മാവ് ചലനാത്മകമാണ്. സൽഗുണങ്ങൾകൊണ്ടും പ്രത്യുൽപാദനപരമായ പ്രവർത്തനങ്ങൾകൊണ്ടും അതിനെ കർമനിരതമാക്കിയില്ലെങ്കിൽ മൃഗീയ ചിന്തകൾ അവിടെ കൂടുകൂട്ടും. ജീവിതം വ്യർഥമായിപ്പോവുകയും ചെയ്യും.

ആരോഗ ദൃഢമായ ശരീരവും ഒരുപാട് ഒഴിവുസമയവുമുള്ള എത്രയോ പേരെ നാം കാണുന്നു. അവരുടെ ജീവിതത്തിന് ലക്ഷ്യമോ, ജോലി ചെയ്യാനുള്ള ത്വരയോ ഇല്ല. ഇങ്ങനെ നിഷ്ചേഷ്ടമായി കാലം കഴിക്കാനാണോ മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നത്? വിശുദ്ധ ഖുർആനിൽ അല്ലാഹു മനുഷ്യനോട് ചോദിക്കുന്ന ഒരു വലിയ ചോദ്യമുണ്ട്. "മനുഷ്യരേ! നിങ്ങളെ നാം വെറുതെ സൃഷ്ടിച്ചതാണെന്ന് നിങ്ങൾ വിചാരിക്കുന്നുണ്ടോ?" സോദ്ദേശ്യത്തോടെയാണ് മനുഷ്യനെ ദൈവം ഭൂമിയിലേക്ക് സൃഷ്ടിച്ചതെന്ന് സാരം. ഭഗവത്ഗീതയിൽ ശ്രീകൃഷ്ണൻ അർജുനനെ ഉപദേശിക്കുന്നു: "ഫലത്തെ ഉദ്ദേശിച്ച് നീ ഒരിക്കലും കർമം ചെയ്യരുത്; എന്നാൽ കർമം ചെയ്യാതിരിക്കുന്നതിൽ നിനക്ക് ആസക്തിയും പാടില്ല." അതായത്, ഫലേഛ കൂടാതെ കർമം ചെയ്യണം, നിഷ്ക്രിയത്വം അരുത്.

ആരോഗ്യവും ഒഴിവുസമയവും കർമമാർഗത്തിൽ വിനിയോഗിക്കണം. അല്ലാതിരുന്നാൽ അത് മഹാനഷ്ടമായിരിക്കും. നബി(സ) അരുൾ ചെയ്തു: "അധിക മനുഷ്യരും ചതിയിൽ പെട്ടുപോകുന്ന രണ്ടു ദൈവാനുഗ്രഹങ്ങളാണ് ആരോഗ്യവും ഒഴിവുസമയവും." ഇമാം ശാഫി പറഞ്ഞു: "മനുഷ്യാ! നീ നിന്റെ ആത്മാവിനെ യാഥാർഥ്യങ്ങളാൽ കർമനിരതമാക്കിയില്ലെങ്കിൽ അത് നിന്നെ അസത്യങ്ങളുടെ തടവുകാരനാക്കും." നിഷ്ക്രിയത്വത്തിന്റെ ശൂന്യതയിൽ നിറക്കപ്പെടുക ദുർവിചാരങ്ങളും, ചാപല്യങ്ങളും ഭയം, അസൂയ, ശത്രുത തുടങ്ങിയ ദുർഗുണങ്ങളും ആയിരിക്കും.

ജീവിതം അവിരാമമായ യാത്രയാണ്. അതിലെ വഴിത്താവളമാണ് ഈ ലോകം. ഇവിടെ ലഭിക്കുന്ന സമയവും സൗകര്യങ്ങളും പ്രയോജനപ്പെടുത്താൻ അനവരതം യത്നിക്കണം. ഒരു നിമിഷവും നിഷ്ക്രിയമാക്കരുത്. നബി(സ) പറഞ്ഞു: "അന്ത്യവിനാഴിക വന്നണഞ്ഞിരിക്കെ, നിന്റെ കൈയിൽ ഒരു വൃക്ഷത്തൈ ഉണ്ടെങ്കിൽ അത് നീ ഭൂമിയിൽ നടാതിരിക്കരുത്, നിനക്കതിൽ പുണ്യമുണ്ട്."

ആഗോള വിനാശത്തിന്റെ വക്കത്തെത്തിയാലും ജീവിതം കർമനിരതമായിരിക്കണമെന്ന് ഈ നബിവാക്യം പഠിപ്പിക്കുന്നു. നിഷ്ക്രിയത്വം പരാജയത്തിന്റെ പടുകുഴിയും നിതാന്തകർമം വിജയത്തിന്റെ സോപാനവുമാണ്. വിജയം നേടാൻ, ആത്മവിശ്വാസം മാത്രം മതിയാവുകയില്ല. നിതാന്തമായ കർമവും ആവശ്യമാണ്. എന്താണ് ചെയ്യാൻ കഴിയുകയെന്ന് മനസ്സിലാക്കി, കഴിയുന്നേടത്തോളം അത് ചെയ്തുകൊണ്ടിരിക്കലാണ് വിജയത്തിന്റെ രഹസ്യമെന്ന് ജോർജ് ബർണാഡ്ഷാ പറയുകയുണ്ടായി.

കൈയനങ്ങാതെ മെയ് കൊഴുക്കണമെന്ന് ആരും ആഗ്രഹിക്കരുത്. കാലയാപനം ചെയ്യുന്നതിന് ഓരോരുത്തരും തങ്ങളുടെ വാസനകൾക്കനുസരിച്ച് കർമം ചെയ്യണം. മറ്റുള്ളവരെ ആശ്രയിച്ചു ജീവിക്കുന്നത് മനുഷ്യത്വത്തിന് ചേർന്നതല്ല. ■